പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

10.06.2013-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിട്ട

ചോദ്യം നമ്പർ .22

# മത്സ്യമേഖല അഭിമുഖീകരിക്കുന്ന പ്രതിസന്ധികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ഇ. കെ. വിജയൻ<br>,, പി.തിലോത്തമൻ<br>,, ഇ. ചന്ദ്രശേഖരൻ<br>,, വി.ശശി | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മണ്ണെണ്ണയുടെ ലഭ്യത കുറഞ്ഞതുമൂലം മത്സ്യബന്ധന മേഖലയിലുണ്ടായ പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;എങ്കിൽ അത് പരിഹരിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>ഈ പ്രതിസന്ധി പരിഹരിക്കുന്നതിനായി കേന്ദ്ര സർക്കാരിൽ നിന്നും മത്സ്യമേഖലയ്ക്കായി പ്രത്യേക വിഹിതം മണ്ണെണ്ണ അനുവദിക്കുന്നതിനായി ബഹു.പ്രധാനമന്ത്രിക്ക് നിവേദനം നൽകിയിട്ടുണ്ട്. |
| (ബി) | നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ട് ചെലവഴിച്ച് മത്സ്യമേഖലയുടെ സമഗ്രവികസനത്തിന് നടപ്പാക്കിവരുന്ന പദ്ധതികൾ വിശദമാക്കുമോ ; | (ബി) | നബാർഡിന്റെ ധനസഹായമുപയോഗിച്ച് ട്രാഞ്ചേ -17 (RIDF-17) ൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴി 10.89 കോടി രൂപയുടെ പദ്ധതികൾക്ക് അനുമതി ലഭിച്ച് നടപ്പിലാക്കി വരുന്നു. ട്രാഞ്ചേ-18 (RIDF-18) ൽ 1095.488 ലക്ഷം രൂപയുടെ പദ്ധതികൾ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ആകെ 7 പദ്ധതികളാണ് ഉള്ളത്.<br>കൂടാതെ, RIDF സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി 150 കോടി രൂപയുടെ പദ്ധതികൾ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. |
| (സി) | ചെലവ് കൂടിയ ആഴക്കടൽ മത്സ്യബന്ധനവും ചെറുകിട വള്ളങ്ങളുടേയും ബോട്ടുകളുടെയും എണ്ണം കുറഞ്ഞതും മത്സ്യലഭ്യതയിൽ കുറവ് വരുത്തിയിട്ടുണ്ടോ ; | (സി) | കേരള രജിസ്ട്രേഷൻ കണക്കനുസരിച്ച് 1,710 നാടൻ വള്ളങ്ങളും, 24,175 യന്ത്രവൽകൃത വള്ളങ്ങളും, 3,374 മത്സ്യബന്ധന ബോട്ടുകളുമാണ് ഉള്ളത്. കഴിഞ്ഞ 5 വർഷങ്ങളിലെ കണക്കുകൾ പരിശോധിക്കുമ്പോൾ കേരളത്തിലെ മത്സ്യലഭ്യതയിൽ വലിയ കുറവ് വന്നിട്ടില്ല. നേരിയ വ്യതിയാനം താഴെപ്പറയും പ്രകാരം കാണുന്നു. |

| | | | |
|---|---|---|---|
| | | | *വർഷം* *മത്സ്യഉൽപ്പാദനം*<br>2007-08 5.86 ലക്ഷം മെട്രിക്ടൺ<br>2008-09 5.83 ലക്ഷം മെട്രിക്ടൺ<br>2009-10 5.70 ലക്ഷം മെട്രിക്ടൺ<br>2010-11 5.60 ലക്ഷം മെട്രിക്ടൺ<br>2011-12 5.53 ലക്ഷം മെട്രിക്ടൺ |
| (ഡി) | മത്സ്യങ്ങൾക്ക് വിപണിയിലുണ്ടായിട്ടുള്ള വിലക്കയറ്റം തടയുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ ? | (ഡി) | ഗുണനിലവാരമുള്ള പച്ച മത്സ്യം ജനങ്ങൾക്ക് വിപണി നിരക്കിന് അനുസൃതമായി ലഭ്യമാക്കാൻ കോട്ടയം, കോഴിക്കോട് എന്നീ ജില്ലകളിൽ മത്സ്യഫെഡ് 15 മത്സ്യമാർട്ടുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. നാളിതുവരെ കോട്ടയം ജില്ലയിൽ 4 ഫിഷ്മാർട്ടുകൾ പുതുപ്പള്ളി, കാഞ്ഞിരപ്പള്ളി, അയർക്കുന്നം, പാല എന്നീ പഞ്ചായത്തുകളിൽ സ്ഥാപിച്ചിട്ടുണ്ട്.<br>2013 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തി പരമ്പരാഗത മത്സ്യത്തൊഴിലാളികൾ പിടിക്കുന്ന മത്സ്യം കേട് കൂടാതെ സംഭരിച്ച് ഗുണമേന്മ നിലനിർത്തുന്ന രീതിയിൽ സംസ്കരിച്ച് വിദേശ രാജ്യങ്ങളിലേയ്ക്ക് കയറ്റി അയയ്ക്കുന്നതിനും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ തയ്യാറാക്കുന്നതിനും അതിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി ബൃഹത്തായ ഐസ് ആന്റ് ഫ്രീസിംഗ് പ്ലാന്റ്, കൊല്ലം ജില്ലയിലെ ശക്തികുളങ്ങര കേന്ദ്രീകരിച്ച് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ, അത്യാധുനിക രീതിയിൽ മത്സ്യവും മത്സ്യഉൽപ്പന്നങ്ങളും വിപണനം ചെയ്യുന്നതിനായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ ഓരോ ഫിഷ് മാൾ വീതം കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ